**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 479** **08-07-2024 - ൽ മറുപടിയ്ക്ക്**

**വർക്ക് നിയർ ഹോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസം നേടിയവരും തൊഴിൽരഹിതരുമായ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങളൊരുക്കുവാൻ പര്യാപ്തമായ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങളൊരുക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ്, വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകണമെന്ന് പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, തൊഴിൽ സൃഷ്ടിക്കാവശ്യമായ നൈപുണ്യ വികസന പരിപാടികളും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പരിപാടികളും പരിശീലന പരിപാടികളും തൊഴിലവസരങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ പരിപാടികൾക്കും ഊന്നൽ നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പടിസ്ഥാനത്തിലും ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകാനായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ.ഉ.(കൈ)നം. 115/2022/തസ്വഭവ; തീയതി 28.05.2022 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽദായക സംരംഭങ്ങളുടെ കാര്യത്തിൽ അവരുടെ ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, സംരംഭകത്വ വികസനത്തിനുള്ള വിവിധ ധനസഹായങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ തൊഴിൽ രഹിതർക്ക് തൊഴിലും വരുമാനവും നേടുന്നതിനുള്ള നൈപുണ്യ പരിശീലനം എന്നിവയും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകുവാൻ സാധിക്കുന്നതാണ്. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ സ.ഉ.(കൈ) നം.3/2023/തസ്വഭവ; |

| | | | |
|---|---|---|---|
| | | | തീയതി 04.01.2023 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സംരംഭകത്വവികസനം സംബന്ധിച്ച പൊതു അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സംരംഭകത്വ വികസന ശിൽപശാലകൾ, പ്രോജക്റ്റ് ക്ലിനിക്കുകൾ, ഹാക്കത്തോണുകൾ എന്നിവ സംഘടിപ്പിക്കൽ, സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ, എന്നിവയും തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നിർവഹിക്കുവാൻ കഴിയും. കൂടാതെ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുന്നതിനായി കേരള നോളജ് ഇക്കോണമി മിഷൻ ആവിഷ്കരിച്ച "എന്റെ തൊഴിൽ എന്റെ അഭിമാനം 2.0" എന്ന പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അത് പ്രകാരം, കേരള നോളഡ്ജ് ഇക്കോണമി മിഷനുമായി സഹകരിച്ചുകൊണ്ട് നൈപുണ്യ വികസന പരിപാടികളും തൊഴിൽ മേളകളും സംഘടിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധിക്കുന്നതാണ്. തൊഴിൽ സംരംഭക സാധ്യതകളും തൊഴിൽ പരിശീലന സാധ്യതകളും തൊഴിൽ അന്വേഷകർക്ക് പരിചയപ്പെടുത്തുന്നതിനായി തദ്ദേശ ഭരണസ്ഥാപനങ്ങൾ തൊഴിൽ സഭകളും വിളിച്ചു ചേർക്കുന്നുണ്ട്. |
| (ബി) | കോവിഡുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വർക്ക് നിയർ ഹോം സംവിധാനം കോവിഡിന് ശേഷവും പുതിയൊരു തൊഴിൽ സംസ്കാരമായി ഉയർന്ന് വന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശയം സംസ്ഥാനത്ത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | കോവിഡ് മുഖാന്തരം സംഭവിച്ച തൊഴിൽ സാഹചര്യങ്ങൾ മുൻനിർത്തി, സംസ്ഥാനത്ത് 'വർക്ക് നിയർ ഹോം' സംവിധാനം ഒരുക്കുന്നതിനായി കേരള നോളജ് ഇക്കോണമി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതി രൂപീകരിക്കുകയും അതിന് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തിക പിന്തുണയോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പൈലറ്റ് അടിസ്ഥാനത്തിൽ 10 സ്ഥലങ്ങളിൽ പദ്ധതി നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തെരഞ്ഞെടുത്തിട്ടുണ്ട്. തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. വർക്ക് നിയർ ഹോം എന്ന ലക്ഷ്യം മുൻനിർത്തി കൊടകര ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള 'ഷീ വർക്ക് സ്പേസ്' എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |
| (സി) | വർക്ക് നിയർ ഹോം സെന്ററുകൾ, നൈപുണ്യ പരിശീലനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാവണം വാർഷിക | (സി) | ഉണ്ട്. മാറിയ കാലത്തെ തൊഴിൽ സാഹചര്യങ്ങൾക്കനുസൃതമായി, വിദൂരത്തുള്ള തൊഴിലുകൾ ഡിജിറ്റലായി ചെയ്യുന്ന ആശയം |

| | | | |
|---|---|---|---|
| | പദ്ധതികളെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | പ്രോത്സാഹിപ്പിക്കുന്നതിനും അത്തരം തൊഴിലുകൾ കരസ്ഥമാക്കുന്നതിന് വർക്ക് നിയർ ഹോം പോലുള്ള സാദ്ധ്യതകൾ ഉപയോഗിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വർക്ക് ഫ്രം ഹോം എന്ന ആശയം പ്രാവർത്തികമാക്കുന്നതിനും സൈബർ ജോലിയിടങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പദ്ധതി ആസൂത്രണ മാർഗരേഖകൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള നോളജ് ഇക്കോണമി മിഷൻ ആവിഷ്കരിച്ച "എന്റെ തൊഴിൽ എന്റെ അഭിമാനം" എന്ന പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകിയിരുന്നു. അത് പ്രകാരം, പ്ലസ് ടു -വോ അതിനു മുകളിലോ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ കേരള നോളജ് ഇക്കോണമി മിഷന്റെ DWMS പ്ലാറ്റ് ഫോമിൽ രജിസ്റ്റർ ചെയ്യുകയും, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും തൊഴിൽമേളകൾ സംഘടിപ്പിച്ച് അഭ്യസ്തവിദ്യരായ തൊഴിലന്വേഷകരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കും, കഴിവിനും അഭിരുചിക്കും അനുസരിച്ചുള്ള തൊഴിൽ നേടാൻ പ്രാപ്തരാക്കുകയും ചെയ്യുന്നുണ്ട്. |
| (ഡി) | അഭ്യസ്തവിദ്യരായ യുവാക്കളുടെ നൈപുണ്യ വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രോത്സാഹനം നടത്തുവാനും ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ തൊഴിൽ കൗൺസലിംഗിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി സംരംഭക പ്രോത്സാഹനത്തിലൂടെയും നൈപുണ്യ വികസനത്തിലൂടെയും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി തദ്ദേശസ്ഥാപന തലത്തിൽ സംരംഭകത്വ - തൊഴിൽ വികസന കൗൺസിലുകൾ, തദ്ദേശഭരണ സ്ഥാപനതല സാങ്കേതിക സമിതി, സംരംഭകത്വ-തൊഴിൽ ഹെൽപ് ഡെസ്ക്, നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ എന്നീ സംഘാടന സംവിധാനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് സ.ഉ.(കൈ)നം.3/2023/ തസ്വഭവ; തീയതി 04.01.2023 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാദേശികമായി തൊഴിൽ സാധ്യത ഉറപ്പുള്ള സാഹചര്യത്തിൽ, തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട് നൈപുണ്യ പരിശീലനം നൽകി തൊഴിലുമായി ബന്ധിപ്പിക്കാവുന്നതാണ്. ഓരോ തദ്ദേശ സ്ഥാപന തലത്തിലും ഉള്ള തൊഴിൽ അന്വേഷകരുടെ നൈപുണ്യ നിലവാരം സംബന്ധിച്ച സ്കിൽ ഗ്യാപ് അനാലിസിസ് നടത്തുവാനും അതിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന നൈപുണ്യ പരിശീലന പരിപാടികളിലൂടെ തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുവാനും നോളേജ് ഇക്കോണമി മിഷൻ ലക്ഷ്യമിടുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | തൊഴിലന്വേഷകർക്ക് തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിനും, അവരുമായി കൃത്യമായി സംവദിക്കുന്നതിനും തൊഴിലിലേക്കുള്ള കൗൺസിലിംഗ് സർവീസുകൾ നൽകുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തനം കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നുണ്ട്. ഇതിന്റെ പടിയായി, ജോബ് സ്റ്റേഷനുകൾ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്ഥാപിക്കുന്നതിനും നൈപുണ്യവികസനം, കൗൺസിലിംഗ് സർവീസുകൾ മുതലായവ നൽകാനായി ഒരു സ്ഥിരം സംവിധാനം ഒരുക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ